ഉത്തരം

(എ) 5—ാം സ്റ്റാൻഡാർഡ് നിറുത്തൽ ചെയ്ത സ്കൂളുകളിൽ 5—ാം സ്റ്റാൻഡാർഡ് പുനരാരംഭിച്ചിട്ടില്ല.

(ബി,സി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇവ ഉദിക്കുന്നില്ല.

ഇലക്ട്രിഫിക്കേഷൻ

7. [10] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ ബ്ലോക്കിൽനിന്നും ഇലക്ട്രിഫിക്കേഷൻ വക മാറിയിട്ടുള്ളതും ഇലക്ട്രിസിറ്റി ബോർഡ് ഏറെടുത്തിട്ടുള്ളതുമായ സംഖ്യയിൽ എന്തെങ്കിലും ചെലവ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഏത് പ്രദേശത്തെ വക്കിനു ;

(ഡി) ബാക്കിയുള്ളത് ഏത് വക്കിനു ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) പറവൂർ ബ്ലോക്കിലെ റൂറൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾക്കായി 30,000ക. ബ്ലോക്ക് ഫണ്ടിൽനിന്നും ഇലക്ട്രിസിറ്റി ബോർഡിനു ലഭിച്ചിട്ടുണ്ട്. ഈ സംഖ്യ ചിലവാക്കേണ്ടുന്ന മുഴുവൻ സ്കീമുകളുടേയും ലിസ്റ്റ് ബ്ലോക്ക് ഡവലപ്പുമെന്റ് ആഫീസറിൽനിന്നും ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ ഇനത്തിൽ ചിലവൊന്നും ചെയ്തിട്ടില്ല.

(ബി,സി,ഡി) ഉദിക്കുന്നില്ല.

നെഹ്റു സ്മാരകം

8. [12] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണ്ഡിറ്റ് നെഹ്റുവിന്റെ സ്മരണയ്ക്കായി വിവിധ സ്ഥലങ്ങളിൽ വിവിധ രൂപത്തിലുള്ള സ്മാരകങ്ങളുണ്ടാക്കാൻവേണ്ടി പലരും പണപ്പിരിവ് നടത്തുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ പണപ്പിരിവ് ദുരുപയോഗപ്പെടാതെ സ്മാരകാർത്ഥം ചെലവഴിക്കാനുള്ള വല്ല നടപടികളും ഗവണ്മെന്റ് എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാന നിലവാരത്തിലുള്ള വല്ല പ്രത്യേക സ്മാരകങ്ങളും വേണമെന്നു ഗവണ്മെന്റിനുദ്ദേശമുണ്ടോ ;

(ഡി) അഖിലേന്ത്യാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന സ്മാരകത്തെ സംബന്ധിച്ചു കേന്ദ്രത്തിൽ നിന്നു വല്ല നിർദ്ദേശവും സ്റ്റേറ്റിനു ലഭിച്ചിട്ടുണ്ടോ;

(ഈ) വിവിധ സ്മാരക കമ്മിറ്റികളും പിരിക്കുന്ന പണം കേന്ദ്രീകരിച്ച് ഗവണ്മെന്റ് നിയന്ത്രണത്തിൽ സ്മാരകങ്ങളുണ്ടാക്കുന്നതിനുവേണ്ട നടപടികളെടുക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഫണ്ട് യഥാർത്ഥത്തിൽ പിരിക്കുന്നുണ്ടോ എന്നതിനെപ്പറ്റി ഗവണ്മെന്റിനു യാതൊരറിവും ഇല്ല. തക്ക സ്മാരകങ്ങളും സ്ഥാപിക്കുന്നതിനായി ഏതാനും നിർദ്ദേശങ്ങളും കിട്ടിയിട്ടുണ്ട്.

(ബി) (എ)—യുടെ മറുപടിയുടെ വെളിച്ചത്തിൽ ഇതു ഉദിക്കുന്നില്ല. എന്നുവരികിലും ദുരുപയോഗം സംബന്ധിച്ച സംഗതികളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുമ്പോഴും പരിഹാരനടപടിയെടുക്കുന്ന കാര്യം പരിഗണിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവണ്മെന്റ് ഒരു തീരുമാനവും എടുത്തിട്ടില്ല.

(ഡി) ഇല്ല.

(ഈ) പിരിവു വല്ലതും നടത്തിയിട്ടുണ്ടെങ്കിൽ അതു് ഏതു കേന്ദ്രമാക്കാൻ നിർബന്ധിക്കുന്നതിനുള്ള വല്ല അധികാരവും ഗവണ്മെൻറിനുണ്ടെന്നു തോന്നുന്നില്ല.

Scarcity of Electricity

9. [15] **Shri C. F. Pereira:** Will the Minister for Public Works be pleased to state :

Whether Government are aware that newly started Industries such as Textile Mills are running at a loss as they are not being supplied with electrical energy during day time?

Answer

Government are aware that power supply to fresh industrial connections now being given in the Malabar area, fed from the Madras rid, is restricted to the hours between 10 P. M. and 7 A. M. This restriction will be removed with the progressive change over of supply of the Kerala system, which will be completed upon the commissioning of the Sholayar and Sabarigiri Hydro Electric Projects in the State.

ടൗൺപ്ലാനിംഗ്

10. [16] ശ്രീ. കെ. അവുക്കാദർ കുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതു ജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട ജില്ലയിലെ ടൗൺപ്ലാനിംഗിനു കോർപ്പറേഷനു പുറമേ ഏതെല്ലാം പഞ്ചായത്തുകളാണു് തിരഞ്ഞെടുത്തിട്ടുള്ളതു് ;

(ബി) വള്ളിക്കുന്നു പഞ്ചായത്തിനോടു് തൊട്ടുകിടക്കുന്നതും പിന്നോക്ക പ്രദേശവുമായ പരപ്പനങ്ങാടി പഞ്ചായത്തുകൂടി ഇതിൽഉൾപ്പെടുത്തുവാൻ വേണ്ടതു ചെയ്യുമോ ?

ഉത്തരം

(എ) ലിസ്റ്റ് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) കോഴിക്കോട്ട മേഖലാപദ്ധതിയിൽ ഏതാനും പഞ്ചായത്തുകൂടി ഉൾപ്പെടുത്തേണമോ എന്നതിനെക്കുറിച്ചു് പ്രാരംഭോപേക്ഷണം നടത്തികൊണ്ടിരിക്കുകയാണു്. പരപ്പനങ്ങാടി പഞ്ചായത്തുകൂടി ഉൾപ്പെടുത്തണമോ എന്ന കാര്യം പ്രാരംഭോപേക്ഷണം പൂർത്തിയായതിനുശേഷം തീരുമാനിക്കുന്നതാണു്.

മിഡ്വൈഫുമാരെ നഴ്സസ് ആക്കുന്നതിനുള്ള ട്രെയിനിംഗ്

11. [17] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ ഉള്ള മിഡ്വൈഫ്മാരെ നഴ്സായി നിയമിക്കുന്നതു സംബന്ധിച്ചു് എന്തെങ്കിലും ട്രെയിനിംഗ് ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണു്;

† Appendix VII

LIBRARY ARCHIVES Kerala Legislative Assembly